സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.93/2017/എസ്റ്റ-ബി

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 07/11/2017.

എക്സിക്യൂട്ടീവ് ആഫീസർ
ശബരിമല

വിഷയം: ശബരിമല ദേവസ്വം കൊല്ലവർഷം 1193-ലെ മണ്ഡലം-മകരവിളക്ക് സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച്.

സൂചന: 1) ഈ ആഫീസിലെ 25/10/2017-ലെ മേൽ നമ്പർ ഉത്തരവ്.
2) ശ്രീ.എസ്.ഡി.കൃഷ്ണൻ തമ്പി, സബ്ഗ്രൂപ്പാഫീസർ, പാവുമ്പ ദേവസ്വം, കരുനാഗപ്പള്ളി ഗ്രൂപ്പ് 30/10/2017-ൽ ഹാജരാക്കിയ അപേക്ഷ.
3) തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 28/10/2017-ലെ 3212 നമ്പർ റിപ്പോർട്ട്.
4) പബ്ലിക് റിലേഷൻസ് ആഫീസറുടെ 01/11/2017-ലെ ആർ.ഒ.സി.41/17/പി.ആർ നമ്പർ റിപ്പോർട്ട്.

ശബരിമല ദേവസ്വം കൊല്ലവർഷം 1193-ലെ മണ്ഡലം-മകരവിളക്ക് മഹോത്സവം സംബന്ധിച്ച് സൂചന(1) പ്രകാരം സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു.

തുടർന്ന് സൂചന(2), സൂചന (3) എന്നിവ പ്രകാരം അരവണ പ്രിപ്പറേഷനിലേക്ക് സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന കരുനാഗപ്പള്ളി ഗ്രൂപ്പിലെ പാവുമ്പ ദേവസ്വം സബ്ഗ്രൂപ്പാഫീസർ ശ്രീ.എസ്.ഡി.കൃഷ്ണൻ തമ്പി, മാളികപ്പുറം സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന തിരുവനന്തപുരം ഗ്രൂപ്പിലെ ചെങ്കള്ളൂർ ദേവസ്വം സബ്ഗ്രൂപ്പാഫീസർ ശ്രീ.എൻ.നീലകണ്ഠൻ എന്നിവർ സ്പെഷ്യൽ ഡ്യൂട്ടി ക്യാൻസൽ ചെയ്യുന്നതിലേക്ക് ഹാജരാക്കിയ അപേക്ഷകൾ നിരസിച്ച് ഉത്തരവാകുന്നു.

കൂടാതെ അക്കോമഡേഷൻ സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള തിരുവനന്തപുരം ഗ്രൂപ്പിലെ ശംഖുമുഖം ദേവസ്വം സബ്ഗ്രൂപ്പാഫീസർ ശ്രീ.പി.ശിവകുമാറിനെ പബ്ലിക് റിലേഷനിലേക്ക് ഡ്യൂട്ടി പോയിന്റ് മാറ്റി നൽകണമെന്നുള്ള പബ്ലിക് റിലേഷൻസ് ആഫീസറുടെ സൂചന(4) റിപ്പോർട്ടും നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:
1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്സെക്യൂരിറ്റി)
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ- തിരുവനന്തപുരം, കരുനാഗപ്പള്ളി
4. പബ്ലിക് റിലേഷൻസ് ആഫീസർ, ദേവസ്വം ബോർഡാഫീസ്
5. ഇ.ഡി.പി സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫെയർ ഓഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)